ഇടുക്കി ജില്ലയിലെ റവന്യൂ അദാലത്ത്

137 (1180) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികൾ ലഭിച്ചുവെന്നും; ഇവയിൽ എത്ര എണ്ണത്തിന് തീർപ്പ് കൽപ്പിച്ചുവെന്നും വിശദമാക്കുമോ ;

(ബി) ഓരോ താലൂക്കിൽ നിന്നും ഭൂമി സംബന്ധമായ എത്ര പരാതികൾ ലഭിച്ചുവെന്നും ഇവയിൽ എത്ര എണ്ണം പരിഹരിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ ;

(സി) റവന്യൂ അദാലത്തിൽ ഇതുവരെ പരിഹരിക്കപ്പെടാത്ത പരാതികൾക്ക് തീർപ്പ് കൽപ്പിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ ആകെ 38,770 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 27662 പരാതികൾ പരിഹരിച്ചിട്ടുണ്ട്.

(ബി) താലൂക്ക് അടിസ്ഥാനത്തിൽ ഭൂമി സംബന്ധമായി ലഭിച്ചതും തീർപ്പാക്കിയതുമായ പരാതികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

താലൂക്ക്	ലഭിച്ച പരാതികളുടെ എണ്ണം	തീർപ്പാക്കിയ പരാതികളുടെ എണ്ണം
ഉടുമ്പൻചോല	6515	3934
ഇടുക്കി	2347	1816
പീരുമേട്	7737	7621
ദേവികുളം	4950	3204
തൊടുപുഴ	3333	1930

(സി) റവന്യൂ അദാലത്തിൽ പരിഹരിക്കപ്പെടാത്ത പരാതികൾ തീർപ്പുകൽപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് ഊർജ്ജിത നടപടികൾ തുടർന്നുവരുന്നു. ഇതിന്റെ ഭാഗമായി കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലങ്ങളിലായി ഫയൽ വദ്ക്ക് ഷോപ്പുകൾ സംഘടിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly